# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 892

30/6/2015 -ൽ മറുപടിക്ക്

## പഴവങ്ങാടി, റാന്നി, വടശ്ശേരിക്കര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പഴവങ്ങാടി, റാന്നി, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകൾക്കായി നടപ്പാക്കുന്ന മേജർ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം എന്നാണാരംഭിച്ചത്; എത്ര തുകയാണ് ഇതിനുവേണ്ടി ഇതുവരെ ചെലവഴിച്ചിട്ടുള്ളത്; | (എ) പഴവങ്ങാടി, റാന്നി, വടശ്ശേരിക്കര എന്നീ പഞ്ചായത്തുകൾക്കായി നടപ്പാക്കുന്ന മേജർ കുടിവെള്ള പദ്ധതി 8/2009-ൽ ആരംഭിച്ചു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1316.30 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് 849.99 ലക്ഷം രൂപയും ഇതുവരെ ചെലവഴിച്ചു. |
| (ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പണികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ആദ്യഘട്ടം കമ്മീഷൻ ചെയ്യുന്നതിന് ഇനിയും ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും; ഇതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര ശുദ്ധ ജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ കിണർ, ജലശുദ്ധീകരണ ശാല, ജലസംഭരണികൾ, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് ലൈനുകൾ, ക്ലിയർ വാട്ടർ ഗ്രാവിറ്റി ലെയിനുകൾ, വിവിധ ബൂസ്റ്റിംഗ് പമ്പ് ഹൗസുകൾ, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ, വിതരണ ശൃംഖല എന്നിവയിൽ തേക്കുമല, ചെല്ലക്കാവ് എന്നീ ബൂസ്റ്റിംഗ് സ്റ്റേഷനുകളിലെ പമ്പ് സെറ്റ് സ്ഥാപിക്കൽ ഒഴികെ എല്ലാ പ്രവർത്തികളും ഏകദേശം പൂർത്തീകരിച്ചു. പൈപ്പുകൾ പരസ്പരം യോജിപ്പിക്കുന്ന ജോലികളും വിതരണ ശൃംഖല ചാർജ്ജ് ചെയ്യുന്ന പണികളും നടന്നുവരുന്നു. കരാർ നൽകിയ കോൺട്രാക്റ്റർ യഥാസമയം പണി ചെയ്യുന്നതിൽ വീഴ്ച വരുത്തിയത് കാരണം തേക്കുമല, ചെല്ലക്കാട് എന്നീ പമ്പ് ഹൗസുകളിൽ പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവർത്തി ഇതുവരെ പൂർത്തീകരിക്കാൻ |

സാധിച്ചിട്ടില്ല. ഈ പ്രവർത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ നിന്നും കരാറുകാരന് കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | റാന്നി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന ജലനിധിയുടെ പദ്ധതിയും ഈ പദ്ധതിയും തമ്മിൽ ലിങ്ക് ചെയ്യുന്നതിനോ ഈ പദ്ധതിയിൽ നിന്നും ജലനിധി പദ്ധതിക്ക് വെള്ളം നൽകുന്നതിനോ എന്തെങ്കിലും ധാരണകളോ, കരാറുകളോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇത്തരത്തിൽ വെള്ളം ലഭ്യമാക്കുമ്പോൾ ജലനിധിയിൽ നിന്നും വെള്ളത്തിനായി പണം ലഭിക്കുമോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (സി) | ഉണ്ട്.<br>റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര പദ്ധതിയിൽ നിന്നും റാന്നി പഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലനിധി പദ്ധതികൾക്ക് രണ്ട് കേന്ദ്രങ്ങളിൽ ബൾക്ക് വാട്ടർ മീറ്റർ വഴി വെള്ളം നൽകാൻ ജലഅതോറിറ്റിയും പഞ്ചായത്തും തമ്മിൽ കരാർ ഉണ്ടാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പുതുശ്ശേരി മലയിലുള്ള രണ്ട് റിസർവ്വോയറുകളിൽ നിന്നും വെള്ളം നൽകാനാണ് ഉദ്ദേശിക്കുന്നത്.<br>ഇത്തരത്തിൽ ജലനിധിക്ക് നൽകുന്ന വെള്ളത്തിന് ജലനിധിയിൽ നിന്നും പണം ലഭിക്കുകയില്ല. എന്നാൽ, ബൾക്ക് വാട്ടർ മീറ്റർ റീഡിംഗ് പ്രകാരം വാട്ടർ ചാർജ്ജ് ജല അതോറിറ്റി നിശ്ചയിക്കുന്ന നിരക്കിൽ ഉപഭോക്തൃ സമിതികളുടെ ചുമതലയിൽ പഞ്ചായത്ത് വഴി ജല അതോറിറ്റിക്ക് കൈമാറേണ്ടതാണ്. |
| (ഡി) | വാട്ടർ അതോറിറ്റിക്ക് നൽകുന്നതിനേക്കാൾ കൂടുതൽ തുക ഗുണഭോക്താക്കൾ ജലനിധി പദ്ധതിയിൽ നിന്നും വെള്ളമെടുത്താൽ കൊടുക്കേണ്ടിവരുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) | പദ്ധതിയുടെ നടത്തിപ്പിനും പരിപാലനത്തിനും ആകെ ആവശ്യമായി വരുന്ന തുക എത്രയെന്ന് കണക്കാക്കി, അതനുസരിച്ച് പദ്ധതിയുടെ ഗുണഭോക്താക്കൾ തന്നെയാണ് ഓരോരുത്തരും എത്ര രൂപയാണ് നൽകേണ്ടത് എന്ന് തീരുമാനിക്കുന്നത്. |
| (ഇ) | മേജർ കുടിവെള്ള വിതരണ പദ്ധതിയുടെ ആദ്യഘട്ട കമ്മീഷനിംഗ് എന്നത്തേക്ക് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഇ) | റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര പദ്ധതിയുടെ ആദ്യഘട്ട കമ്മീഷനിംഗ് 09/2015-ൽ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ